KERALA POLICE INFORMATION CENTRE
Ph: 0471 2318188     Email: *info.pol@kerala.gov.in*

No.113/PR/PIC/PHQ/13 Date : 04.11.2013

# ഡ്യൂട്ടി മീറ്റിലെ മികവിന് പ്രോത്സാഹന സമ്മാനം ശുപാർശ ചെയ്യും

**-സംസ്ഥാന പോലീസ് മേധാവി**

പോലീസിലെ വിവിധ വിഭാഗങ്ങളിലെ പ്രൊഫഷണൽ വൈദഗ്ധ്യം മാറ്റുരയ്ക്കുന്ന സംസ്ഥാന പോലീസ് ഡ്യൂട്ടി മീറ്റിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കുന്നവർക്ക് ഉചിതമായ പ്രോത്സാഹന സമ്മാനം നൽകുന്നതിന് സർക്കാരിനോട് ശുപാർശ ചെയ്യുമെന്ന് സംസ്ഥാന പോലീസ് മേധാവി കെ.എസ്. ബാലസുബ്രമണ്യൻ പറഞ്ഞു. തിരുവനന്തപുരം പോലീസ് ട്രെയിനിങ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന 57-ാമത് സംസ്ഥാന പോലീസ് ഡ്യൂട്ടി മീറ്റ് ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ക്രമസമാധാന പാലനത്തിലും സ്പോർട്സിലുമൊക്കെ ഇന്ത്യയിൽ ഏറ്റവും മുന്നിലുള്ള കേരള പോലീസിന് അഖിലേന്ത്യാ ഡ്യൂട്ടി മീറ്റിലും ആ മികവ് കൈവരിക്കുന്നതിന് ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങൾ ആവിഷ്കരിക്കും. മനുഷ്യാവകാശ ലംഘനങ്ങൾ തടയാൻ ബാധ്യതപ്പെട്ട ഏജൻസിയാണ് പോലീസ്. ഇന്നിപ്പോൾ സോഷ്യൽ മീഡിയപോലുള്ള പുതിയ മേഖലകൾ മനുഷ്യാവകാശ ലംഘനങ്ങൾക്കായി ഉപയോഗപ്പെടുത്തുന്ന സാഹചര്യം വർധിക്കുകയാണ്. ആയതിനാൽ ഈ രംഗത്തെ വൈദഗ്ധ്യം വർധിപ്പിക്കേണ്ടതുണ്ടെന്നും അത്തരം മേഖലകൾ കൂടി ഡ്യൂട്ടി മീറ്റിൽ ഉൾപ്പെടുത്തുന്നത് നന്നാവുമെന്നും അദ്ദേഹം പറഞ്ഞു.

എ.ഡി.ജി.പി. ഇന്റലിജൻസ് ടി.പി.സെൻകുമാർ, എ.ഡി.ജി.പി. ക്രൈംസ് വിൻസൺ എം. പോൾ, എ.ഡി.ജി.പി. ഹെഡ്ക്വാർട്ടേഴ്സ് പി. വിജയാനന്ദ്, ഐ.ജി. ക്രൈംസ് എം.ആർ.അജിത്കുമാർ, സിറ്റി പോലീസ് കമ്മീഷണർ പി. വിജയൻ എന്നിവർ ആശംസകൾ അർപ്പിച്ചു. തിരുവനന്തപുരം റേഞ്ച് ഐ.ജി. ഡോ.ഷെയ്ക് ദർവേഷ് സാഹെബ് സ്വാഗതവും ഡി.സി.പി ഡോ.എ.ശ്രീനിവാസ് നന്ദിയും പറഞ്ഞു.

ശാസ്ത്രീയ കുറ്റാന്വേഷണ മാർഗങ്ങൾ, അട്ടിമറി തടയൽ പ്രവർത്തനങ്ങൾ, ഫോട്ടോഗ്രാഫി, വീഡിയോഗ്രാഫി, ഡോഗ് സ്ക്വാഡ്, കംപ്യൂട്ടർ പരിചയം, വിരലടയാള വൈദഗ്ധ്യം, മെഡിക്കോ ലീഗൽ ടെസ്റ്റ് എന്നീ മേഖലകളിലെ കഴിവുകൾ പരിശോധിക്കുന്ന വിവിധ മത്സരങ്ങൾ മൂന്നുദിവസങ്ങളിലായി ഡ്യൂട്ടി മീറ്റിൽ നടക്കും. നാളെ (06.11.13) വൈകിട്ട് അഞ്ചിന് ആഭ്യന്തര-വിജിലൻസ് വകുപ്പ് മന്ത്രി തിരുവഞ്ചൂർ രാധാകൃഷ്ണൻ സമ്മാന വിതരണവും സമാപന പ്രസംഗവും നടത്തും.

**********

The contents of this document may be deemed to be based on received information which is subject to further verification